റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കേന്ദ്ര മാനദണ്ഡമനുസരിച്ച് വീട് പൂർണ്ണമായി തകർന്നുപോയാൽ 35,000 രൂപ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അയ്യായിരം രൂപയും പതിനായിരം രൂപയുമാണ്. ഇത് മനസ്സിലാക്കിക്കൊണ്ടാണ് ഗവൺമെന്റ് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. 65,000 രൂപ സംസ്ഥാന ഗവൺമെന്റ് നൽകണം. അത് മേയ്, ജൂൺ മാസങ്ങളിൽ നൽകാനാണ് ഉത്തരവിൽ വന്നത്. അത് മാറ്റാൻ തീരുമാനിച്ച വിവരം അറിയിക്കുകയാണ്. കാലവർഷക്കെടുതിയിൽ തകർന്നുപോകുന്ന എല്ലാ വീടുകൾക്കും ഒരു ലക്ഷം രൂപയായി ധനസഹായം വർദ്ധിപ്പിക്കുന്നതാണ്. 10 കോടി രൂപ ഇതിനായി ധനകാര്യ വകുപ്പ് പ്രത്യേകം അനുവദിച്ച കാര്യം അറിയിക്കുന്നു.

(9) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി

ശ്രീ. ബി. രാഘവൻ : സർ, ഏറ്റവും ഗൗരവമേറിയ ഒരു ഭൂ പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഭൂമിയുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. വ്യവസായത്തിനായാലും പൊതു ആവശ്യത്തി നായാലും കൃഷിക്കായാലും പാർപ്പിടത്തിനായാലും ഭൂമി ആവശ്യമാണ്. ഭൂമി യുടെ കുത്തക പ്രമാണിമാർ കയ്യടക്കിയിരിക്കുകയാണ്. എന്നുമാത്രമല്ല, അവർ കയ്യേറിക്കൊണ്ടിരിക്കുകയാണ്. അതിൽ നമ്പർ വൺ, ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയാണ്. അവർ കേരളത്തിലെ വനപ്രദേശത്തെ ഭൂമി മുഴുവൻ കയ്യേറിക്കൊണ്ടിരിക്കുകയാണ്. ആ നിലയിൽ പത്തനംതിട്ട ജില്ലയിലെ ളാഹാ എസ്റ്റേറ്റിലെ ആയിരക്കണക്കിന് ഏക്കർ ഭൂമി തോട്ടപരിധിയിൽപ്പെടു ത്തിയിരിക്കുകയാണ്. തോട്ടത്തിന്റെ പാട്ടവ്യവസ്ഥയുടെ കാലാവധി തീർന്നു. അനുവദിക്കപ്പെട്ട പ്ലാന്റേഷൻ പരിധിയിൽ വരുന്ന ഭൂമിയേക്കാൾ പതിന്മടങ്ങ് ഭൂമി കൈവശപ്പെടുത്തിയിരിക്കുകയാണ്. ആ നിലയിൽ 1963-ലെ ഭൂ പരിഷ്ക്കരണ നിയമത്തിന്റെ 72-ാം വകുപ്പ് അനുസരിച്ച് നിയമപ്രകാരമല്ലാതെയുള്ള എല്ലാ കൈവശഭൂമിയും സർക്കാരിന് എപ്പോഴും ഏറ്റെടുക്കാമെന്ന് മനോഹരൻ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്യപ്പെട്ടിരുന്നു. 1964-ന് ശേഷം മലയാളം പ്ലാന്റേഷൻ കമ്പനി വിറ്റ എല്ലാ തോട്ടങ്ങളും ഏറ്റെ ടുക്കാൻ റവന്യൂ വകുപ്പ് അന്ന് തീരുമാനിച്ചിരുന്നു. അതിനുപുറമെ ലാന്റ് റവന്യൂവിന്റെ അഡീഷണൽ അസിസ്റ്റന്റ് കമ്മീഷണർ സുജിത് ബാബുവിന്റെ റിപ്പോർട്ടും ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. 1957-ലെ ഭൂ പരിഷ്ക്കരണ വുമായി ബന്ധപ്പെട്ട് 11, 12 വകുപ്പുപ്രകാരം ചെങ്ങറ അടക്കം ലഭ്യമായ ഭൂമി ഹാരിസൺ വിലയ്ക്കു വാങ്ങി. ആ വിലയ്ക്കു വാങ്ങിയ ഭൂമി സർക്കാരിന് ഏത് അവസരത്തിലും ഏറ്റെടുക്കാമെന്ന അവകാശം നിക്ഷിപ്തമായിരിക്കുന്ന സന്ദർഭത്തിൽ കാലാവധി കഴിഞ്ഞ ആ ഭൂമി സർക്കാർ ഏറ്റെടുക്കണം. ആ ഭൂമി ഭൂരഹി തരായ കർഷകത്തൊഴിലാളികൾക്കും ആ തോട്ടങ്ങളിൽ പണിയെടുക്കുന്നവർക്കും കൊടുക്കണം. പാട്ടക്കാലാവധി കഴിഞ്ഞ എല്ലാ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സ്വീകരിക്കണം. ആ ഭൂമിയുടെ സംരക്ഷകനായി അദ്ദേഹം മാറണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സർ, പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ളാഹാ പെരുമാട് എസ്റ്റേറ്റ് ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശത്തിലാണെന്ന് കാണുന്നു. ഈ എസ്റ്റേറ്റിൽ 426.6 ഏക്കർ ഭൂമി കമ്പനി സ്വന്തം പേരിൽ തണ്ടപ്പേര് പിടിച്ച് കരമടച്ചു വരുന്നുണ്ട്. കൂടാതെ 1629.75 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും പാട്ടത്തിനെടുത്തതായും കാണുന്നു. ഇതിൽ കമ്പനി കരമടച്ചുവരുന്ന 426.6 ഏക്കർ ഭൂമി കാവ് പുറമ്പോക്ക്, പുറമ്പോക്ക് തരിശ്, വനം പുറമ്പോക്ക് എന്നിങ്ങനെയാണ് റവന്യൂ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ എസ്റ്റേറ്റിലെ റീ-സർവ്വേ ജോലി നടന്നുവരികയാണ്. റീ-സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് പകുതിയിൽ കവിഞ്ഞ ഭൂമിയും നിയമവിരുദ്ധമായി കമ്പനി കൈവശപ്പെടുത്തിയിട്ടുള്ള ഭൂമിയും തിരിച്ചെടുക്കാൻ കഴിയുന്നതാണ്. അർഹതപ്പെട്ട ഭൂമി പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കി ഭൂമി വിതരണം ഉൾപ്പെടെ തുടർ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.

(10) മൈക്രോ ബയോളജി ബിരുദാനന്തര ബിരുദം

ശ്രീ. കെ. കെ. ദിവാകരൻ: സർ, കേരളത്തിൽ എം.ജി. യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ മൂന്ന് യൂണിവേഴ്സിറ്റികൾ മെഡിക്കൽ മൈക്രോ ബയോളജിയിൽ ബി.എസ്സി, എം.എസ്സി. കോഴ്സുകൾ നടത്തുന്നുണ്ട്. ഇതാകട്ടെ സാധാരണ മൈക്രോ ബയോളജി കോഴ്സുകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ബി.എസ്സി. മെഡിക്കൽ ബയോളജിക്ക് നാല് വർഷത്തെ കോഴ്സും എട്ട് സെമസ്റ്ററുമാണെങ്കിൽ സാധാരണ മൈക്രോ ബയോളജി കോഴ്സിന് മൂന്ന് വർഷവും ആറ് സെമസ്റ്ററുമാണ്. ബി.എസ്സി. മെഡിക്കൽ ബയോളജി ഡിഗ്രിക്കാർക്ക് മലേറിയ ഓഫീസർ, ബാക്ടീരിയോളജിസ്റ്റ്, മൈക്രോബയോളജിസ്റ്റ്, എൻഡമോളജിസ്റ്റ്, പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകളിൽ ജോലി ലഭിക്കാൻ അർഹതയുണ്ട്. ഈ വിഭാഗത്തിലെ എം.എസ്.സി. ക്കാർക്കാകട്ടെ മെഡിക്കൽ കോളേജിലേയ്ക്കോ, ഡന്റൽ കോളേജുകളിലേക്കോ ലെക്ച്ചറർ തസ്തികയിലേക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ നിർഭാഗ്യവശാൽ കേരള പി.എസ്.സി മെഡിക്കൽ മൈക്രോ ബയോളജി കോഴ്സുകൾ ഇന്നുവരെ അംഗീകരിച്ചിട്ടില്ല. അതു കൊണ്ട് ഈ കോഴ്സുകൾ കഴിഞ്ഞ ബി.എസ് സി., എം.എസ് സി. ഡിഗ്രിക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ തുച്ഛ വേതനത്തിൽ ജോലിചെയ്യുകയാണ്. ഈ അവസ്ഥ മാറ്റുന്നതിനുവേണ്ടി പി.എസ്.സി.യെ കൊണ്ട് ഈ കോഴ്സുകൾ അംഗീകരിപ്പിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

2214/12

LIBRARY ARCHIVES Kerala Legislative Assembly